**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3903** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഇരവിപുരം നിയോജക മണ്ഡലത്തിൽ ആരോഗ്യ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇരവിപുരം നിയോജക മണ്ഡലത്തിൽ ആരോഗ്യ മേഖലയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ഇരവിപുരം നിയോജക മണ്ഡലത്തിൽ ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപന ങ്ങൾ ചുവടെചേർക്കുന്നു.<br><br>1. ഇരവിപുരം കുടുംബാരോഗ്യ കേന്ദ്രം<br><br>2. പാലത്തറ കുടുംബാരോഗ്യ കേന്ദ്രം<br><br>3.മയ്യനാട് കുടുംബാരോഗ്യ കേന്ദ്രം<br><br>ആർദ്രം ഒന്നാം ഘട്ട പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തപ്പെട്ട ഇരവിപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ, രോഗീ സൗഹൃദാന്തരീക്ഷം, മെച്ചപ്പെട്ട സേവനങ്ങൾ എന്നിവയെല്ലാം വർദ്ധിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 14,20,500/- രൂപ അനുവദിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയു മുണ്ടായി. കൂടാതെ ആർദ്രം ഒന്നാം ഘട്ടത്തിന്റെ ഭാഗമായി ഡോക്ടർ 1, സ്റ്റാഫ് നഴ്സ് -2 , ലാബ് ടെക്നീഷ്യൻ -1 എന്നീ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.<br><br>കൂടാതെ പ്രസ്തുത സ്ഥാപനത്തിൽ എൻ.എച്ച്.എം 2019-20 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടനിർമ്മാണത്തിനായി 3,17,46,000/- രൂപ (മൂന്ന് കോടി പതിനേഴ് ലക്ഷത്തി നാൽപ്പത്തി ആറായിരം രൂപ മാത്രം) യുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>ആർദ്രം പദ്ധതിയുടെ 2-ാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ട പാലത്തറ, മയ്യനാട് എന്നീ സ്ഥാപനങ്ങളുടെ വികസനത്തിനായി എൻ.എച്ച്.എം മുഖേന 15.5 ലക്ഷം രൂപ അടിസ്ഥാന സൗകര്യ വികസനത്തി നായി അനുവദിക്കുകയും |

| | | | |
|---|---|---|---|
| | | | ആയത് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പാലത്തറ കുടുംബാരോഗ്യ കേന്ദ്രത്തിൽ നബാർഡ് ഫണ്ട് മുഖേന പുതിയ കെട്ടിട നിർമ്മാണത്തിനായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>മയ്യനാട് കുടുംബാരോഗ്യ കേന്ദ്രത്തെ കോവിഡ് ഐസോലേഷൻ വാർഡ് നിർമ്മാണത്തിനായി തെരഞ്ഞെ ടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടില്ലാ ത്തതിനാൽ മണ്ഡലത്തിൽ ഉൾപ്പെട്ട മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഫണ്ട് ഉപയോഗിച്ചാണെന്നും ഏതൊക്കെ ആരോഗ്യ സ്ഥാപനങ്ങളിലാണെന്നും ഏത് ഏജൻസികളാണ് നിർവ്വഹണം നടത്തുന്നതെന്നും ടി പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി എന്താണെന്നും വിശദമാക്കാമോ? | (ബി) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ